# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.08.2024**

## പ്രധാനവാർത്തകൾ

1. വയനാട് ദുരന്തത്തിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിന്, പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നും അനുകൂല നിലപാട് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. പ്രധാനമന്ത്രി മറ്റന്നാൾ വയനാട് സന്ദർശിക്കും.

2. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ നാളെ ജനകീയ തെരച്ചിൽ നടത്തുമെന്ന് മുഖ്യമന്ത്രി. രക്ഷാപ്രവർത്തനം പൂർത്തിയാക്കി മടങ്ങിയ സൈനികർക്ക് ആദരം നൽകി സംസ്ഥാനം.

3. ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസത്തിനായി 91 സർക്കാർ ക്വാർട്ടേഴ്സുകൾ ലഭ്യമാക്കും.

4. വഖഫ് ഭേദഗതി ബിൽ കേന്ദ്രസർക്കാർ സംയുക്ത പാർലമെൻററി സമിതിയുടെ പരിശോധനയ്ക്ക് വിട്ടു. വഖഫ് ബോർഡിൽ സുതാര്യത ഉറപ്പുവരുത്താനാണ് ബില്ലെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി പ്രതിപക്ഷം.

5. ഒളിമ്പിക്സ് ജാവ്ലിൻ ത്രോയിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്നിറങ്ങും.

**************************************

## മുഖ്യമന്ത്രി (ഇൻട്രോ)

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിന്, പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നും അനുകൂല നിലപാട് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. മറ്റന്നാളാണ് ദുരന്തബാധിത മേഖലകൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി വയനാട്ടിലെത്തുന്നത്. പുനരധിവാസത്തിനും ടൗൺഷിപ്പ് അടക്കമുള്ള പ്രവർത്തനങ്ങൾക്കും കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. വയനാട് ദുരന്തം ദേശീയ ദുരന്തമായും അതിതീവ്ര ദുരന്തമായും പ്രഖ്യാപിക്കണം എന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഒമ്പതംഗ സമിതിയെ നിയമിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ നാളെ ജനകീയ തെരച്ചിൽ നടത്തുമെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു. ദുരിതാശ്വാസ ക്യാംപുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്നവരെ കൂടി ഉൾപ്പെടുത്തിയാണ് തെരച്ചിൽ നടത്തുക. ദുരന്തത്തിന് ഇരകളായവരിൽ തെരച്ചിലിൽ പങ്കെടുക്കാൻ താൽപര്യമുള്ളവരെ വാഹനങ്ങളിൽ വീടുകൾ നിലനിന്നിരുന്ന സ്ഥലങ്ങളിലെത്തിക്കും. ബന്ധുക്കളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ആരെയെങ്കിലും കണ്ടെത്താനാകുമോ എന്ന അവസാനവട്ട പരിശ്രമത്തിൻറെ ഭാഗമാണിത്.

***********************************

RNU TVPM

## മുണ്ടക്കൈ-തെരച്ചിൽ

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായി പത്താം ദിവസവും തിരച്ചിൽ നടന്നു. സൺറൈസ് വാലിയിൽ ഇന്നും സൈന്യത്തിൻറെ നേതൃത്വത്തിൽ ഹെലികോപ്റ്റർ ഉപയോഗിച്ച് തിരച്ചിൽ നടത്തി. തിരിച്ചറിയാത്ത ആറ് ശരീര ഭാഗങ്ങളുടെ സംസ്കാരവും പുത്തുമലയിൽ ഇന്ന് നടന്നു. സർവ്വ മത പ്രാർത്ഥനയോടെയാണ് സംസ്കാര ചടങ്ങുകൾ

നടന്നത്.

***********************************

## സൈനികർക്ക് ആദരം

വയനാട് ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം പൂർത്തിയാക്കി മടങ്ങുന്ന സൈനികർക്ക് കളക്ടറേറ്റിൽ മന്ത്രിസഭാ ഉപസമിതിയുടെ സാന്നിധ്യത്തിൽ ആദരം നൽകി. മേജർ ജനറൽ വി ടി മാത്യുവിൻറെ നേതൃത്വത്തിലെത്തിയ 391 അംഗ സൈനിക സംഘമാണ് ദുരന്തമുഖത്തു നിന്ന് മടങ്ങിയത്. സേനകളുടെ പ്രവർത്തനം ദുരന്തമുഖത്ത് ഏറെ സഹായകരമായിരുന്നതായി മന്ത്രിമാർ പറഞ്ഞു. രക്ഷാദൗത്യം പൂർത്തിയാക്കി മടങ്ങിയ ടെറിട്ടോറിയൽ ആർമിയിലെ 42 അംഗങ്ങൾക്ക് കോഴിക്കോട് പൗര സ്വീകരണം നൽകി. മേയർ ബീനാ ഫിലിപ്പിൻറെയും, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എയുടെയും സാന്നിധ്യത്തിലായിന്നു സ്വീകരണം.

RNUTVPM

***********************************

## ക്വാട്ടേഴ്സ് - പി.എ.മുഹമ്മദ് റിയാസ്

ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസം ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിന് കീഴിലെ 27 ക്വാട്ടേഴ്സുകൾ

ഉൾപ്പെടെ 91 സർക്കാർ ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. അടിയന്തര പുനരധിവാസത്തിന് ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

**************************************

## വയനാട് ഉരുൾപൊട്ടൽ-ഇൻഷുറൻസ്

വയനാട് ഉരുൾപൊട്ടലിലുണ്ടായ നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ട ഇൻഷൂറൻസ് ക്ലെയിമുകൾ നേടുന്നതിന് ദുരന്തബാധിതരെ സഹായിക്കാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് സർക്കാർ രൂപം നൽകി. റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ കെ ഗോപിനാഥ് ചെയർമാനായ പ്രത്യേക ദൗത്യസംഘം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

RNU TVPM

**************************************

## ദുരിതാശ്വാസ നിധി

തെന്നിന്ത്യൻ തെന്നിന്ത്യൻ ചലച്ചിത്രമേഖലയിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വലിയ തോതിൽ സംഭാവന ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ചലച്ചിത്ര താരം പ്രഭാസ് രണ്ട് കോടി രൂപ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ചലച്ചിത്ര താരം ചിരഞ്ജീവിയും മകൻ രാം ചരണും ചേർന്ന് ഒരു കോടി രൂപ സഹായം പ്രഖ്യാപിച്ചു. സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സംഘടനകൾ അഞ്ചു ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ കഴിഞ്ഞ ദിവസം സന്നദ്ധതയറിയിച്ചു.

**************************************

## എ.കെ.ശശീന്ദ്രൻ

വയനാട് ഉരുൾപൊട്ടലിന് കാരണം അനധികൃത കുടിയേറ്റങ്ങളും കയ്യേറ്റങ്ങളുമാണെന്ന തരത്തിൽ നടത്തിയ പ്രസ്താവന പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവിന്, സംസ്ഥാന വനം മന്ത്രി എ.കെ.ശശീന്ദ്രൻ കത്തയച്ചു. ദുരന്തത്തിൻറെ ഇരകളെ അനധികൃത കുടിയേറ്റക്കാരായി ചിത്രീകരിക്കുന്നത് അപലപനീയമാണെന്ന് മന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി.

************************************

## വഖഫ് ബിൽ (ഇൻട്രോ)

കേന്ദ്രസർക്കാർ ലോക്സഭയിൽ കൊണ്ടുവന്ന വഖഫ് ഭേദഗതി ബിൽ, 2024 സംയുക്ത പാർലമെൻററി സമിതിയുടെ പരിശോധനയ്ക്ക് വിട്ടു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ആണ് ബിൽ അവതരിപ്പിച്ചത്. സർക്കാരിൻറെ ഉദ്ദേശം ശുദ്ധമാണെന്നും, യാതൊന്നും മറയ്ക്കാനില്ലെന്നും പറഞ്ഞാണ് ബിൽ സമിതിയുടെ പരിഗണനയ്ക്ക് വിട്ടത്. മുസ്ലിം മതവിഭാഗത്തിലെ പാവപ്പെട്ടവർക്ക് നീതി ഉറപ്പുവരുത്തുന്നതാണ് ബില്ലെന്നും, വഖഫ് ബോർഡിൻറെ പ്രവർത്തനത്തിലുള്ള ഇടപെടൽ അല്ല ഇതെന്നും മന്ത്രി പറഞ്ഞു. പ്രതിപക്ഷത്തിൻറെ ശക്തമായ എതിർപ്പിനിടെയാണ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. ജെ.ഡി.യു, ടി.ഡി.പി ഉൾപ്പെടെയുള്ള എൻഡിഎ സഖ്യകക്ഷികൾ ബില്ലിനെ പിന്തുണച്ചു.

**വിശദാംശങ്ങളിലേക്ക്......**

**(വോയിസ്)**

**വഖഫ് ബിൽ (വോയിസ്)**

RIJUTVPM

വഖഫ് ബോർഡുകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, വനിതകളുടെയും, മുസ്ലിം മതത്തിലെ പിന്നാക്ക വിഭാഗങ്ങളുടെയും പ്രാതിനിധ്യം ബോർഡിൽ ഉറപ്പാക്കുന്നതിനുമാണ് ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു വ്യക്തമാക്കി. ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ച ചെയ്ത ശേഷമാണ് ബിൽ തയ്യാറാക്കിയത്. സച്ചാർ കമ്മിറ്റിയുടെയും, മറ്റ് സമിതികളുടെയും ശുപാർശ അനുസരിച്ചാണ് ബിൽ തയ്യാറാക്കിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ബിൽ ഭരണഘടനാ വിരുദ്ധമാണെന്നും, മതസ്വാതന്ത്ര്യത്തിന് എതിരാണെന്നും പ്രതിപക്ഷപാർട്ടികൾ നിലപാട് അറിയിച്ചു. വഖഫ് ബോർഡ് ഭരണസമിതിയിൽ മുസ്ലിം-ഇതര അംഗങ്ങളെ ഉൾപ്പെടുത്താനുള്ള തീരുമാനം മതവിശ്വാസത്തിന് നേർക്കുള്ള കടന്നാക്രമണം ആണെന്ന് കോൺഗ്രസ് എം.പി കെ.സി വേണുഗോപാൽ പറഞ്ഞു. കെ.രാധാകൃഷ്ണൻ, ഇ.റ്റി. മുഹമ്മദ് ബഷീർ, എൻ.കെ. പ്രേമചന്ദ്രൻ തുടങ്ങിയ കേരളത്തിൽ നിന്നുള്ള എം.പിമാരും ബില്ലിനെതിരെ സംസാരിച്ചു. തൃണമൂൽ, ഡി.എം.കെ, സമാജ് വാദി പാർട്ടി, എൻസിപി (എസ്.പി) തുടങ്ങി വിവിധ പ്രതിപക്ഷകക്ഷികളും ബില്ലിനെ വിമർശിച്ച് രംഗത്തെത്തി.

ന്യൂസ് ഡസ്ക്, ആകാശവാണി .....

************************************

## വി.അബ്ദു റഹ്മാൻ

അങ്കമാലി-ശബരി റെയിൽപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രി പാർലമെൻറിൽ നൽകിയ മറുപടി തെറ്റിദ്ധാരണാജനകമാണെന്ന് സംസ്ഥാനത്തെ റെയിൽവേ ചുമതലയുള്ള മന്ത്രി വി അബ്ദുറഹ്മാൻ. സംസ്ഥാനത്തെ എല്ലാ റെയിൽ വികസന പദ്ധതികൾക്കും സംസ്ഥാന സർക്കാർ വളരെ സജീവമായ പിന്തുണയാണ് നൽകിവരുന്നത്. അങ്കമാലി -ശബരി പാതയുടെ കാര്യത്തിലും ഇത്

RNU TVPM

വ്യക്തമാണ്. കിഫ്ബിയുടെ ബാധ്യത സംസ്ഥാനത്തിൻറെ കടമെടുപ്പ് പരിധിയിൽ നിന്നും ഒഴിവാക്കിയാൽ ശബരി പാതയുടെ ചിലവിൻറെ 50% സംസ്ഥാനം വഹിക്കാൻ സന്നദ്ധമാണെന്നും മന്ത്രി പ്രസ്താവനയിലൂടെ വ്യക്തമാക്കി.

************************************

വിലങ്ങാട് - കെ.രാജൻ

കോഴിക്കോട് വിലങ്ങാട് ഉരുൾപ്പൊട്ടലിൽ വീടും ഉപജീവനമാർഗവും നഷ്ടപ്പെട്ടവർക്കായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതായി മന്ത്രി കെ.രാജൻ .. കൂടുതൽ മനുഷ്യജീവനുകൾ നഷ്ടപ്പെട്ടില്ല എന്നതൊഴിച്ചാൽ വിലങ്ങാടിലുണ്ടായ തകർച്ച വലുതാണെന്നും മന്ത്രി പറഞ്ഞു. ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലങ്ങൾ ഇന്ന് നേരിൽ സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

************************************

വി.എൻ.വാസവൻ

കണ്ണൂർ അഴീക്കൽ തുറമുഖത്തിൻറെ ഗോഡൗൺ നിർമ്മാണത്തിനായി അഞ്ചര കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി വി എൻ വാസവൻ . തുറമുഖം സന്ദർശിച്ച ശേഷം ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. അഴീക്കൽ തുറമുഖത്തിലെ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ മൺസൂൺ കഴിഞ്ഞ് ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

************************************

## ഓണക്കാല സർവ്വീസ്

ഓണക്കാല അവധി ദിനങ്ങളോട് അനുബന്ധിച്ച് കെഎസ്ആർടിസി സ്പെഷ്യൽ സർവീസുകളുടെ ഓൺലൈൻ ടിക്കറ്റ് ബുക്കിങ് മറ്റന്നാൾ ആരംഭിക്കും. സെപ്റ്റംബർ ഒമ്പതുമുതൽ 23 വരെയാണ് അധിക സർവീസുകൾ. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽനിന്ന് ബംഗളൂരു, മൈസൂരു, ചെന്നൈ എന്നിവിടങ്ങളിലേക്ക് നിലവിലുള്ള 90 ബസിനു പുറമെ ആദ്യഘട്ടമായി ഓരോ ദിവസവും 58 അധിക സർവീസുകൾ നടത്തും.. യാത്രക്കാരുടെ ആവശ്യകത പരിഗണിച്ച് കൂടുതൽ ബസുകൾ ഘട്ടംഘട്ടമായി ക്രമീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

*************************************

## ഒളിമ്പിക്സ്

ഒളിമ്പിക്സ് ജാവലിൻ ത്രോയിൽ രാത്രി നടക്കുന്ന ഫൈനൽ മത്സരത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ നീരജ് ചോപ്ര ഇന്നിറങ്ങും. പുരുഷ ഹോക്കിയിൽ വെങ്കല മെഡലിനായുള്ള മത്സരത്തിൽ ഇന്ത്യ- സ്പെയിൻ മത്സരം പുരോഗമിക്കുകയാണ്. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഇന്ന് നടന്ന മത്സരത്തിൽ വിജയിച്ച് അമാൻ ഷെരാവത്ത് സെമി ഫൈനലിലേയ്ക്ക് കടന്നു. അതേസമയം, ഇതേ ഇനത്തിൽ നടന്ന വനിതകളുടെ മത്സരത്തിൽ അൻഷു മാലിക് അമേരിക്കൻ താരത്തോട് പരാജയപ്പെട്ടു. അത്ലറ്റിക്സിൽ വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യാരാജി നാലാമതായി ഫിനിഷ് ചെയ്തു. 13.17 സെക്കൻഡിൽ ഫിനിഷ് ചെയ്തെങ്കിലും ജ്യോതിക്ക് സെമി യോഗ്യത നേടാനായില്ല.

*************************************

**********************

RNU TVPM